സ്റ്റാഫ് ക്വാർട്ടേഴ്സ്

*67. [94] ശ്രീ. പി. ഐ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലെയും റൂറൽ ഡിസ്പെൻസറികളിലെയും സ്റ്റാഫിനു ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള എന്തെങ്കിലും പരിപാടി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ഗ്രാമീണ ഡിസ്പെൻസറികളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 1.95 കോടി രൂപ ചെലവഴിച്ച് ആറു കൊല്ലം കൊണ്ട് മുന്നൂറ് ഗ്രാമീണ ഡിസ്പെൻസറികളിൽ ക്വാർട്ടേഴ്സ് നിർമ്മിക്കാനാണ് പരിപാടി അതിനുവേണ്ടി മൂലധനം മുഴുവനും വായ്പയായി എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ഐ. പൗലോസ് : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡോക്ടർമാർക്കും സ്റ്റാഫിനും താമസിക്കാൻ ആവശ്യമായ സൗകര്യമില്ലാത്തതുകൊണ്ട് പല ആശുപത്രികളിലേയും സ്റ്റാഫ് ബുദ്ധിമുട്ടുന്നുവെന്നുള്ളത് മനസ്സിലാക്കി അവർക്കു കൂടി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഗ്രാമീണ ഡിസ്പെൻസറികൾ ഉള്ള പ്രദേശങ്ങളിലാണ് ഇപ്പോഴത്തെ താമസസൗകര്യത്തിന് വളരെയധികം വിഷമതയുള്ളത്. അതുകൊണ്ട് മുൻഗണന ഈ ഗ്രാമീണഡിസ്പെൻസറികൾക്ക് നൽകിക്കൊണ്ട് മറ്റുള്ളവ സാവകാശമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് ഇല്ലാത്തതുകൊണ്ട് വളരെയധികം വിഷമത അവിടെയുള്ള സ്റ്റാഫുകൾ അനുഭവിക്കുന്നുണ്ട്. പാലക്കാട് ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുവേണ്ടി പത്തു വർഷങ്ങൾക്കുമുമ്പ് ഏതാനും ഏക്കർ സ്ഥലം എടുക്കുകയുണ്ടായി. എന്നാൽ ഇതുവരെയായി അവിടെയൊരു പണിയും നടത്തിയിട്ടില്ല. കഴിയുന്നതും വേഗം അവിടെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഗവൺമെന്റിന്റെ സാമ്പത്തികനില അനുവദിക്കാത്തതുകൊണ്ടാണ് ക്വാർട്ടേഴ്സ് പണിയാൻ സാധിക്കാതിരിക്കുന്നത്.

ശ്രീ. കെ. സോമശേഖരൻനായർ : സംസ്ഥാനത്തൊട്ടാകെ എത്ര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് ഉണ്ടെന്നു പറയാമോ ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ; അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly